Page 1 of 2

(സി) ബണ്ട് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഡി.പി.ആർ. എത്ര കോടി രൂപയുടേതെന്നും വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ തുടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ നെയ്യാർ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബണ്ടിന്റെ ഗാബിയോൾ പ്രൊട്ടക്ഷൻ വോളിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി. സംഘം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അതിന്മേൽ സൂപ്രണ്ടിങ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ഐ.ഡി.ആർ.ബി., ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി, ആയത് അന്തിമഘട്ടത്തിലാണ്. പ്രസ്തുത ഡിസൈൻ പൂർത്തിയായതിനുശേഷം മാത്രമേ പദ്ധതിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. ആയതിനുശേഷം മാത്രമേ സാങ്കേതിക അനുമതിക്കും ടെണ്ടർ നടപടികളിലേയ്ക്കും കടക്കുവാൻ കഴിയുകയുള്ളൂ.

മംഗലം ഡാം കുടിവെള്ള പദ്ധതി

287(1033) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടമായി സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 24.5 എം.എൽ.ഡി ജലശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ ഉൾപ്പെടുന്ന ഒന്നാം ഘട്ടം 68% പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ 2017-18-ൽ 2 കോടി രൂപയുടെ ഭരണാനുമതി കൂടി ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിലെ മറ്റ് ഘടകങ്ങൾക്ക് നൽകിയിരുന്നു. ഇതിൽ 2 പാക്കേജുകൾ ഉൾപ്പെടുന്നു. പാക്കേജ് 1- ഡാമിനകത്ത് ഇൻടേക് ബ്രിഡ്ജിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. പാക്കേജ് 2- ഡാമിൽ നിന്നും ജലശുദ്ധീകരണ ശാലയിലേക്ക് പമ്പ് ചെയ്യുന്നതിനുള്ള ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പ് സെറ്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി പല തവണ ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാൽ പുതുക്കിയ എസ്.ഒ.ആർ. പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കിഫ്ബി 2017-18 രണ്ടാം ഘട്ടത്തിലായി വണ്ടാഴി, കിഴക്കഞ്ചേരി,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വടക്കഞ്ചേരി പദ്ധതിക്കായി 69.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ പാക്കേജിൽ വടക്കഞ്ചേരി കരിങ്കുന്നത്ത് 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി 45% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം പാക്കേജിന്റെ പാർട്ട് 1-ൽ കരിങ്കുന്നത്തുള്ള ജലസംഭരണിയിൽ നിന്നും വടക്കഞ്ചേരി പഞ്ചായത്തിൽ 45 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കലും 6480 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും നിലവിൽ 33% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം പാക്കേജിന്റെ പാർട്ട് 2-ൽ ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ലോ ലെവൽ സോണിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. രണ്ടാം പാക്കേജിന്റെ പാർട്ട് 2, പാക്കേജ് 3 എന്നിവയിലെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ മൂന്നാം ഘട്ടമായി ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 10055 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 21-12-2020-ൽ 53.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഴക്കഞ്ചേരി പഞ്ചായത്തിലേക്ക് വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെയും വണ്ടാഴി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെയും ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ ഉയരംകൂടിയ പ്രദേശങ്ങളിൽ ടാങ്കുകളും വിതരണ ശൃംഖലകളും ഉൾപ്പെടെ 8712 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി 103.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ആക്കുളം കായൽ പുനരുദ്ധാരണ പദ്ധതി

288(1034) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ആക്കുളം കായൽ സംരക്ഷണ പദ്ധതിയിലൂടെ ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിക്കായി 185.23 കോടി രൂപയുടെ ഭരണാനുമതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ആയതിൻ പ്രകാരം ഒന്നാംഘട്ടമായി 64.13 കോടി രൂപ കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ WAPCOS-നെയാണ് SPV-യായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആക്കുളം കായലും അനുബന്ധ